# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4936

21.10.2011-ൽ മറുപടിക്ക്.

### കേന്ദ്ര സർക്കാർ സഹകരണത്തോടെ പുതിയ വ്യവസായ യൂണിറ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വർക്കല കഹാർ :<br>ശ്രീ. ലൂഡി ലൂയിസ് :<br>ശ്രീ. സി.പി. മുഹമ്മദ് :<br>ശ്രീ. സണ്ണി ജോസഫ് : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാർ സഹകരണത്തോടെ പുതിയ വ്യവസായ യൂണിറ്റുകൾ അനുവദിക്കുന്നതിനു എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; | (എ) കെ.എസ്.ഐ.ഡി.സി കേന്ദ്ര പങ്കാളിത്തത്തോടെ നടപ്പാക്കുന്ന പദ്ധതികൾ താഴെപ്പറയുന്നു.<br>1) കേന്ദ്ര സർക്കാർ സ്ഥാപനമായ ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡും KSIDC-യുമായി ചേർന്ന് ഒരു ജോയിന്റ് വെഞ്ച്വർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. ഇതു വഴി സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ചറി--ന്റെ പ്രവർത്തനം നടത്തുവാൻ ഉദ്ദേശിക്കുന്നു. അതിൽ പൈപ്പ് ലൈൻ വഴിയുള്ള സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ, ഗ്യാസ് ട്രെയിനിംഗ് സെന്റർ, ഗ്യാസ് അധിഷ്ഠിത വൈദ്യുതി നിലയങ്ങൾ, ചെറു പ്രകൃതി-വാതക പൈപ്പ് ലൈൻ എന്നീ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.<br>2) കേന്ദ്ര പ്രതിരോധ വകുപ്പിന്റെ സഹായത്തോടെ ഓർഡനൻസ് ഫാക്ടറി സ്ഥാപിക്കുവാനുള്ള ചർച്ചകൾ പുരോഗമിക്കുന്നു.<br>3) കോഴിക്കോട് ബേപ്പൂരിൽ കേന്ദ്ര പ്രതിരോധ വകുപ്പി--ന്റെ കീഴിൽ അന്തർവാഹിനി രൂപകൽപ്പന കേന്ദ്രം സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ഇതിനായി 40 ഏക്കർ സ്ഥലം സംസ്ഥാന സർക്കാർ 'NIRDESH'ന് കൈമാറിയിട്ടുണ്ട്. ഇതുമൂലം അനുബന്ധ വ്യവസായങ്ങൾക്ക് അവസരമുണ്ടാകും.<br>4) കുദ്രേമുഖ് അയൺ ഓർ കമ്പനിയുടെ സഹായ--ത്തോടെ കാസർഗോഡ് ഇരുമ്പയിര് Benefeciation & Pelletisation-ന്റെ പദ്ധതിക്ക് ഉദ്ദേശമുണ്ട്. ഇതോടൊപ്പം ഒരു ഇന്റഗ്രേറ്റഡ് സ്റ്റീൽ പ്ലാന്റും വിഭാവനം ചെയ്യുന്നു.<br>5) കൊല്ലത്ത് ചവറയിൽ കേന്ദ്ര മന്ത്രാലയത്തിന്റെ സഹായത്തോടെയും കേന്ദ്ര പ്രതിരോധ വുകപ്പിന്റെ കീഴിലുള്ള ഡിഫൻസ് മെറ്റലർജിക്കൽ ആന്റ് റിസർച്ച് ലാബറട്ടറിയുടെ സാങ്കേതിക സഹായത്തോടെ 10,000 ടൺ വാർഷിക ശേഷിയുള്ള ഒരു ടൈറ്റാനിയം സ്പോഞ്ച് പ്ലാന്റ് നിർമ്മിക്കുന്നതിനും പദ്ധതിയുണ്ട്. |

| | |
|---|---|
| (ബി) ഇങ്ങനെ തുടങ്ങുന്ന വ്യവസായ യൂണിറ്റുകൾക്ക് കേന്ദ്ര സഹായം ലഭ്യമാണോ ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) **കേന്ദ്ര സഹായം ലഭ്യമാക്കുന്നതിലേയ്ക്കായി സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ആവശ്യമായ നടപടി സ്വീകരിക്കും. കേന്ദ്ര സർക്കാരിന്റെ ഓഹരി മൂലധന നിക്ഷേപകവും, സാങ്കേതിക സഹായവും ലഭ്യമാക്കുന്നതിന് കേന്ദ്ര** സർക്കാരിനെ സമീപിക്കുന്നതാണ്. |
| (സി) യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് എങ്ങനെ വിപണി കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് ? | (സി) വിശദമായ പഠനങ്ങൾക്കുശേഷമാണ് ഓരോ പദ്ധതിയും തുടങ്ങുക. വിപണി കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖയും ഈ പഠനങ്ങളുടെ ഭാഗമായി നടത്തും. |

**സെക്ഷൻ ഓഫീസർ**